4. കണ്ണൂർ ജില്ലയിലെ എരുവശ്ശേരി ഗ്രാമപഞ്ചായത്തിലെ ചെമ്പേരി മൃഗാശുപത്രിയുടെ 3 സെന്റ് സ്ഥലം അംഗൻവാടി കെട്ടിടം നിർമ്മാണത്തിനായി നൽകിയിട്ടുണ്ട്.

(ബി) മൃഗസംരക്ഷണ വകുപ്പിൽനിന്നും വിട്ടുനൽകിയിട്ടുള്ള ഭൂമിയുടെ വില തിട്ടപ്പെടുത്തി നഷ്ടപരിഹാരം വാങ്ങിയിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വെറ്ററിനറി ഡിസ്പെൻസറികൾ

237 (1615) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര വെറ്ററിനറി ആശുപത്രികളും വെറ്ററിനറി ഡിസ്പെൻസറികളും ഉണ്ട്; ഇവയിൽ എത്ര തസ്തികകളാണുള്ളത്; പ്രസ്തുത തസ്തികകളിൽ ഇപ്പോൾ എത്രപേരാണ് സേവനം അനുഷ്ഠിക്കുന്നത്;

(ബി) ഏതെങ്കിലും തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്; പ്രസ്തുത തസ്തികകൾ എപ്പോൾ നികത്തും ; ഇതിനുവേണ്ടി നടപടികൾ സ്വീകരിക്കുമോ;

(സി) വെറ്ററിനറി ഡോക്ടർമാർ ഇല്ലാത്ത പഞ്ചായത്തുകളിൽ പഞ്ചായത്ത്/ ഡിപ്പാർട്ട്മെന്റ് കാലിത്തീറ്റ വിതരണ പദ്ധതികൾ താളം തെറ്റുകയും കർഷകർക്ക് അർഹമായ ആനുകൂല്യങ്ങൾ വൈകുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ 35 വെറ്ററിനറി ഡിസ്പെൻസറികളും 6 വെറ്ററിനറി ആശുപത്രികളുമുണ്ട്.

അവയിൽ അനുവദിച്ചിട്ടുള്ള തസ്തികകൾ

വെറ്ററിനറി സർജൻ-35

സീനിയർ വെറ്ററിനറി സർജൻ-6

ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ-40

അറ്റൻഡന്റ്-40

പാർട്ട് ടൈം സ്വീപ്പർ-37

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്തുത തസ്തികകളിൽ നിലവിൽ സേവനം അനുഷ്ഠിക്കുന്നവർ

വെറ്ററിനറി സർജൻ-18

സീനിയർ വെറ്ററിനറി സർജൻ-6

ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ-40

അറ്റൻഡന്റ്-40

പാർട്ട് ടൈം സ്വീപ്പർ-37

(ബി) ഒഴിവുകൾ

വെറ്ററിനറി സർജൻ-17; പി.എസ്.സി.യിൽനിന്നും നിയമിച്ച 8 വെറ്ററിനറി സർജന്മാർ പഠനാവശ്യത്തിനായി ജോയിനിംഗ് ടൈം എക്സ്റ്റൻഷൻ ആവശ്യപ്പെട്ടിട്ടുണ്ട്. എൻ.ജെ.ഡി. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ നിലവിലുള്ള എല്ലാ ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) വെറ്ററിനറി ഡോക്ടർമാരില്ലാത്ത പഞ്ചായത്തുകളിൽ കാലിത്തീറ്റ വിതരണ പദ്ധതികൾ താളം തെറ്റുകയോ ആനുകൂല്യം വൈകുകയോ ചെയ്തിട്ടില്ല. ഒഴിവുള്ള തസ്തികകളിൽ അധിക ചുമതല നൽകി പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നു.

മട്ടന്നൂർ നിയോജകമണ്ഡലത്തിലെ വെറ്ററിനറി ക്ലിനിക്ക്

238 (1616) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2011-12 മുതൽ 2015-16 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ മൃഗസംരക്ഷണവകുപ്പ് മുഖേന മട്ടന്നൂർ നിയോജകമണ്ഡലത്തിലെ വെറ്ററിനറി ക്ലിനിക്കുകളിലൂടെ നടപ്പിലാക്കിയ വിവിധ പദ്ധതികൾ ഏതെല്ലാം; ഓരോ പദ്ധതിക്കും വേണ്ടി എത്ര തുക ചെലവഴിച്ചിട്ടുണ്ട്?

ഉത്തരം

2011-12 മുതൽ 2015-16 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ മൃഗസംരക്ഷണ വകുപ്പ് മുഖേന മട്ടന്നൂർ നിയോജകമണ്ഡലത്തിലെ വെറ്ററിനറി ക്ലിനിക്കുകളിലൂടെ നടപ്പിലാക്കിയ വിവിധ പദ്ധതികളെ സംബന്ധിച്ച വിവരവും ഓരോ പദ്ധതിക്കുംവേണ്ടി ചെലവഴിച്ച തുകയും അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.